പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *70

30.11.2018 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.സി.കെ. ശശീന്ദ്രൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) നവലിബറൽ നയങ്ങളുടെ ഫലമായി പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയിൽ തൊഴിലാളികളുടെ താൽപര്യം പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; വേതനം കാലോചിതമായി പുതുക്കാൻ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരങ്ങളും സംബന്ധിച്ച് ജസ്റ്റിസ് എൻ.കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br><br>a)പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കി.<br>b) കാർഷികാദായ നികുതി ഈടാക്കുന്നത് ഒഴിവാക്കി.<br>c) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.<br>d) റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി.<br>e) സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.<br>f) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം ബാധകമാക്കുന്ന കാര്യം പരിശോധിക്കും.<br>g) പ്ലാന്റേഷൻ പോളിസി എത്രയും വേഗം പ്രഖ്യാപിച്ച് നടപ്പിലാക്കും.<br>h) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.<br>തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി |

നിശ്ചയിക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ സജീവമായി പരിശോധിച്ചു വരുന്നു.

ബി) അത്യാവശ്യ സൗകര്യങ്ങളെങ്കിലുമുള്ള വീടുകളുടെ അഭാവമാണ് കൂലിക്കുറവിനോടൊപ്പം തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം എന്നതിനാൽ ആയത് പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി ഭവനം നിർമ്മിച്ചു നൽകുന്നതിന് തോട്ടങ്ങളിലോ അതിന് സമീപത്തോ ശുചിത്വമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഒരുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് മുഖാന്തിരം നടത്തിയ സർവ്വേയിൽ തോട്ടം മേഖലയിൽ ഭൂരഹിതരും ഭവനരഹിതരുമായി 32,454 തോട്ടം തൊഴിലാളികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി താമസ സൗകര്യം പ്രദാനം ചെയ്യുന്നതിന് രണ്ട് കിടക്ക മുറി, മൾട്ടി പർപ്പസ് ഹാൾ, അടുക്കള, ടോയ്‌ലെറ്റ് എന്നിവയോട് കൂടിയ 400 ചതുരശ്ര അടിയുള്ള വീട്/അപ്പാർട്ട്മെന്റ് വച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

സി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾ നേരിടുന്ന ദുരിതത്തിന് അറുതി വരുത്താനായി നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

സി) നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനി, എം.എം.ജെ പ്ലാന്റേഷൻസ് എന്നിവിടങ്ങളിലെ റിട്ടയർ ആയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തോട്ടങ്ങളിൽ ക്യാമ്പ് നടത്തി 1182 അപേക്ഷകൾ സ്വീകരിച്ച് ഗ്രാറ്റുവിറ്റി അതോറിട്ടിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റി മുഖേന തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യം, മക്കൾക്ക് വിവാഹ ആനുകൂല്യം, കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, പഠനോപകരണങ്ങൾ എന്നിവ നൽകി വരുന്നു.

Sreeleha
സെക്ഷൻ ഓഫീസർ